**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ജീവനക്കാര്യം-പാലക്കാട് ജില്ലാപഞ്ചായത്തിലെ സീനിയർ സൂപ്രണ്ട് ശ്രീമതി കൊച്ചുനാരായണി കെ.എസ്-ന് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1738/2026/LSGD തീയതി,തിരുവനന്തപുരം, 14-09-2026

പരാമർശം:-

1. സ.ഉ.(പി) നം. 102/2017/ധന തിയതി 07/08/2017
2. ശ്രീമതി കൊച്ചുനാരായണി കെ. എസ് ന്റെ 13/01/2026 ലെ അവധി അപേക്ഷ
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04/04/2026, 22/06/2026 തിയതികളിലെ LSGD/PD/10565/2026-DEA2 നം. കത്തുകൾ

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാപഞ്ചായത്തിലെ സീനിയർ സൂപ്രണ്ട് ശ്രീമതി കൊച്ചുനാരായണി കെ.എസ്, വലതു കാലിന് പോളിയോ ബാധിച്ച വ്യക്തിയും അംഗപരിമിതർക്കുള്ള പ്രത്യേക അലവൻസ് കൈപ്പറ്റുന്നയാളാണെന്നും 12.11.2025 ന് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ എഴുന്നേൽക്കവേ കസേര തെന്നി മാറുകയും ഇരിപ്പിടത്തിൽ നിന്ന് വീഴുകയും ടിയാളുടെ പൊളിയോ ബാധിച്ച വലതുകാലിന് പൊട്ടൽ സംഭവിക്കുകയും ചെയ്തതിനെ തുടർന്ന് കാലിൽ പ്ലാസ്റ്റർ ഇടുകയും ഡോക്ടർ രണ്ട് മാസത്തെ വിശ്രമം ആവശ്യമാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നതിനാൽ രണ്ട് മാസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും പരാമർശം 1 ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് ചികിത്സയിലായിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാപഞ്ചായത്തിലെ

സീനിയർ സൂപ്രണ്ട് ശ്രീമതി കൊച്ചുനാരായണി കെ.എസ്.,ന് കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം 13.11.2025 മുതൽ 13.02.2026 വരെ 14.02.2026, 15.02.2026 എന്നീ തിയതികൾ പിൻനിർത്തി പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി കൊച്ചുനാരായണി കെ.എസ്., സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് , പാലക്കാട്
(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്),കേരള , തിരുവനന്തപുരം/തൃശ്ശൂർ
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ (ഇപിബി1/88/2026-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Digitally signed by
Sivaprasad V N
Date: 15-09-2026
11:07:09

സെക്ഷൻ ഓഫീസർ